വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസമേനോൻ) : പുതിയ സെക്ഷനുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പഠനം പൂർത്തിയാക്കിയതിനുശേഷം നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കു വിധേയമായി ഊർജ്ജിതമായ നടപടി മഞ്ചേശ്വരത്തു കൈക്കൊള്ളുന്നതാണ്.

(39) വലപ്പാട് ഗവൺമെൻറ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വലപ്പാട് തീരപ്രദേശത്തുള്ള ഏക ഗവൺമെൻറാശുപത്രിയാണ് വലപ്പാട് ഗവൺമെൻറാശുപത്രി. 75 വർഷം മുൻപ് ബ്രിട്ടീഷുകാർ സ്ഥാപിച്ചതാണ് ഈ ആശുപത്രി. അതിനുശേഷം മാറി മാറി വന്ന ഗവൺമെൻറുകൾ ആ ആശുപത്രിയുടെ വികസനത്തിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. ഒരു താലൂക്കുതല ആശുപത്രിയുടെ സൗകര്യം കിട്ടണമെങ്കിൽ വലപ്പാട്ടുകാർക്ക് 25 കിലോ മീറ്റർ പോകണം. അതുകൊണ്ട് വലപ്പാട് ഗവൺമെൻറാശുപത്രി ഒരു താലൂക്കുതല ആശുപത്രിയായി ഉയർത്തുന്നതിന് ഗവൺമെൻറിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, വലപ്പാട് ആശുപത്രി പഴയ മലബാർ പ്രദേശത്തുള്ള നാട്ടികയിലെ പ്രധാന ആശുപത്രിയാണ്. 65 കിടക്കകളുണ്ട്. 65 കിടക്കകൾക്കാവശ്യമായ ഡോക്ടർമാരുടെ സ്റ്റാഫ് പൊസിഷൻ വച്ച് നോക്കുമ്പോൾ മൂന്നു ഡോക്ടർമാരും മറ്റു സ്റ്റാഫുമുണ്ട്. അവരുടെ ആവശ്യമായി ഉയർന്നുവന്നത് ഒരു താലൂക്കാശുപത്രിയുടെ നിലയിൽ അത് ഉയർത്തണമെന്നാണ്. ഗുരുവായൂർ താലൂക്കിൽ ഗുരുവായൂർ താലൂക്ക് ആശുപത്രിയുണ്ട്. രണ്ടാമത് ഒരു താലൂക്കാശുപത്രിയെപ്പറ്റി ആലോചിക്കാനൊക്കില്ല. രണ്ടാമതൊരു താലൂക്ക് ആശുപത്രിയെപ്പറ്റി ആലോചിക്കാനൊക്കാത്തതുകൊണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെൻറാക്കണമെന്നാണ് സജസ്റ്റ് ചെയ്തിരിക്കുന്നത്. 8-ാം പദ്ധതിയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളുടെ കാര്യം പരിശോധിക്കുമ്പോൾ വലപ്പാടും ആ പരിശോധനയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

(40) കൊടുങ്കാറ്റുമൂലം അങ്കമാലിയിൽ ഉണ്ടായ നാശനഷ്ടം

ശ്രീ. എം. വി. മാണി : സർ, ഈ കഴിഞ്ഞ രണ്ടാം തീയതി വൈകുന്നേരം എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട തുറവൂർ, മഞ്ഞപ്ര, അയ്യംപുഴ, മൂക്കന്നൂർ മുതലായ പഞ്ചായത്തുകളിലുണ്ടായ കൊടുങ്കാറ്റിൻറെ ഫലമായി 1000 കണക്കിന് വാഴയും 100 കണക്കിന് ജാതിയും റബർ മരങ്ങളുമൊക്കെ ഒടിഞ്ഞ് തകർന്ന് കൃഷിക്കാർക്ക് വൻപിച്ച നാശനഷ്ടമുണ്ടായിരിക്കുകയാണ്. വാഴക്കൃഷിക്കാരൊക്കെ സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന വെറും പാവപ്പെട്ടവരാണ്. കുലച്ച് നിൽക്കുന്നതും കുലയ്ക്കാറായതുമായ വാഴകൾക്കാണ് നാശമുണ്ടായിട്ടുള്ളത്. അതുപോലെ ജാതിയൊക്കെ നട്ടുവളർത്തുന്നതിന് വർഷങ്ങളോളം പിടിക്കുന്നതാണ്. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അടിയന്തിരമായി ഈ കൃഷിക്കാർക്ക് സാമ്പത്തിക സഹായമുൾപ്പെടെയുള്ള സഹായം എത്തിച്ചുകൊടുക്കുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) : സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ തുറവൂരിൽ ഏപ്രിൽ രണ്ടാം തീയതി രാത്രി കൊടുങ്കാറ്റുണ്ടായി. അയ്യമ്പുഴയിലേയും മഞ്ഞപ്രയിലേയും അതുപോലെ മറ്റുസ്ഥലങ്ങളിലേയും കൃഷിക്കും കൊടുങ്കാറ്റുകൊണ്ട് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. അവിടെ തഹശീൽദാർ പോയി കാര്യങ്ങളെല്ലാം നോക്കി. കളക്ടർ ഇന്ന് അങ്ങോട്ടു പോകുന്നുണ്ട്. കൃഷിവകുപ്പുദ്യോഗസ്ഥൻമാർ ഇത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ആവശ്യമായ സഹായങ്ങൾ ഇവർക്ക് നൽകാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

VII റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

ജില്ലാ കൗൺസിലുകൾക്കായുള്ള ധനകാര്യ കമ്മീഷന്റെ രൂപീകരണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥ മേനോൻ) : സർ, ജില്ലാ കൗൺസിൽ നിയമം 51-ാം വകുപ്പുപ്രകാരം ജില്ലാ കൗൺസിലുകൾക്കായുള്ള ധനകാര്യ കമ്മീഷനെ സംബന്ധിച്ച വിശദാംശങ്ങൾ ഈ സഭ പിരിയുന്നതിനുമുമ്പായി സഭയെ അറിയിക്കാമെന്ന് ഞാൻ പറഞ്ഞിരുന്നത് ഓർക്കുമല്ലോ. പ്രൊഫസർ ഐ. എസ്. ഗുലാത്തി ചെയർമാനും ഡോ. എസ്. ബി. സെൻ, എം. മോഹൻകുമാർ (ധനകാര്യ വകുപ്പു കമ്മീഷൻ ആൻറ് സെക്രട്ടറി) എന്നിവർ അംഗങ്ങളുമായുള്ള ഒരു ധനകാര്യകമ്മീഷനെ നിയമിക്കാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കുന്നു. സംസ്ഥാന സർക്കാരിൽ നിന്നും ജില്ലാ കൗൺസിലുകളിലേക്കുള്ള ധനസഹായത്തിന്റെ രീതി നിർണ്ണയിക്കുക, ജില്ലാ കൗൺസിലുകൾക്കുള്ള ഗ്രാൻറ്-ഇൻ-എയ്ഡിനുള്ള തത്വങ്ങൾ നിർദ്ദേശിക്കുക, ഗ്രാൻറ്-ഇൻ-എയ്ഡും മറ്റു സഹായങ്ങളും ഏത് തീയതി മുതൽ നൽകിത്തുടങ്ങണമെന്ന് നിർദ്ദേശിക്കുക, ജില്ലകളിൽ നിന്നും സംസ്ഥാനസർക്കാർ പിരിച്ചെടുക്കുന്ന ഏതെങ്കിലും നികുതികളിൽ ഒരു പ്രത്യേക വിഹിതം ജില്ലാകൗൺസിലുകൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കുക, ജില്ലാകൗൺസിലുകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ചുമതലകൾ കണക്കിലെടുത്തുകൊണ്ട് പദ്ധതിയേതര ചെലവുകൾക്ക് ആവശ്യമായിവരുന്ന പണം എത്രയെന്ന് കണക്കാക്കുക, നിലവിലുള്ള ധന വിനിയോഗ രീതിയുടെ വെളിച്ചത്തിൽ സംസ്ഥാനവും കൗൺസിലുകളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും തമ്മിലുള്ള ധനപരമായ ബന്ധം പരിശോധിക്കുക, പിരിച്ചെടുക്കുന്ന നികുതികളും ഫീസുകളും ബന്ധപ്പെടുത്തി ജില്ലാ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തുകയും ഏതെങ്കിലും മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ നിർദ്ദേശിക്കുകയും ചെയ്യുക, റിപ്പോർട്ട് കാലത്ത് സംസ്ഥാന സർക്കാരിൽ നിന്ന് ജില്ലാകൗൺസിലിലേക്കുള്ള വിഹിതം നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങൾ നിർദ്ദേശിക്കുക എന്നിവയാണ് കമ്മീഷനുനൽകിയിട്ടുള്ള പരിശോധനാ വിഷയങ്ങൾ. നല്ല ഒരു ധനകാര്യ മാനേജുമെൻറും കാര്യക്ഷമമായ പ്രവർത്തനവും ലക്ഷ്യമാക്കിക്കൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. (1) നിലവിലുള്ള വികസന പ്രവർത്തനങ്ങളും അതിനാവശ്യമായ പണവും ജില്ലാ കൗൺസിലുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറുന്നതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly